# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം-**794** **30.06.2011** ൽ മറുപടിയ്ക്ക്.

**കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലറുടെ നിയമനം.**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. ജെയിംസ് മാത്യു. | ശ്രീ. പി.കെ. അബ്ദു റബ്<br>*(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി)* |
| (എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പ്രോ - വൈസ് ചാൻസലറെ നിയമിക്കാൻ അർഹരായവരുടെ പാനൽ കേരള സർക്കാർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് സമർപ്പിച്ചിട്ടുള്ളത്; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ തീരുമാനം നീണ്ടു പോകുന്നതിന്റെ കാരണം വിശദമാക്കാമോ; | (എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ പ്രോ - വൈസ് ചാൻസലറെ നിയമിക്കാൻ അർഹരായവരുടെ പാനൽ തയ്യാറാക്കുന്നതിന് സർക്കാർ തലത്തിൽ നടപടികളൊന്നും ഇപ്പോൾ സ്വീകരിച്ചു വരുന്നില്ല. കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ്ചാൻസലറെ നിയമിക്കുന്നതിലേക്കായി; അർഹരായവരുടെ പാനൽ തയ്യാറാക്കി സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി കൺവീനറായുള്ള ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ജി.എസ്. 3-2449/2010 തീയതി :19.04.2011 നോട്ടിഫിക്കേഷനിലൂടെ ചാൻസലർ ഉത്തരവ് നൽകിയിട്ടുണ്ട്. ചാൻസലറുടെ ഉത്തരവിൻപ്രകാരം പാനൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ പ്രസ്തുത കമ്മിറ്റി സ്വീകരിച്ചു വരുന്നു. |
| (ബി) ഇപ്പോൾ യൂണിവേഴ്സിറ്റി വൈസ് ചാൻസലറുടെ സ്ഥാനത്ത് യു.ജി.സി. നിർദ്ദേശിച്ചതു പോലുള്ള ഒരു അക്കാദമിക വിദഗ്ദനാണോ; അല്ലെങ്കിൽ അത്തരക്കാരെ | (ബി) കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ്ചാൻസലർ ആയിരുന്ന പ്രൊഫസർ അൻവർ ജഹാൻ സുബേരിയുടെ സേവന കാലാവധി 25.02.2011 ന് അവസാനിച്ച |

ഒഴിവാക്കിക്കൊണ്ട് വൈസ്ചാൻസലറുടെ ഒഴിവിൽ സർക്കാർ സെക്രട്ടറിയെ നിയോഗിച്ചിരിക്കുന്നത് എന്തുകൊണ്ടാണ്?

സാഹചര്യത്തിൽ കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലർ ഡോ. പി.കെ. മൈക്കിൾ തരകന് കാലിക്കറ്റ് സർവ്വകലാശാല വൈസ്ചാൻസലറുടെ ചുമതല കൂടി നൽകികൊണ്ട് 21.02.2011 ലെ ജി.എസ്. 3 -2449/2010 വിജ്ഞാപന പ്രകാരം ബഹു. ചാൻസലർ ഉത്തരവായിരുന്നു.

26.05.2011 ലെ ജി.എസ്.3-2449/2010 നമ്പർ വിജ്ഞാപന പ്രകാരം കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലർ ഡോ. പി.കെ. മൈക്കിൾ തരകന് കാലിക്കറ്റ് സർവ്വകലാശാലയുടെ വൈസ്ചാൻസലറുടെ ചുമതലയിൽ നിന്ന് വിടുതൽ നൽകികൊണ്ടും ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. ടോം ജോസിന് കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലറുടെ ചുമതല നൽകികൊണ്ടും ചാൻസലർ ഉത്തരവ് പുറപ്പെടുവിക്കുകയും തദനുസരണം ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. ടോം ജോസ് 26.05.2011 ൽ കാലിക്കറ്റ് സർവ്വകലാശാല വൈസ്ചാൻസലറുടെ ചുമതല ഏറ്റെടുക്കുകയും ഉണ്ടായി.

(സി) നിലവിലുള്ള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് നിയോഗിച്ച സ്റ്റാന്റിങ് കൗൺസിലിനെ ഇപ്പോഴത്തെ വൈസ് ചാൻസലർ നീക്കം ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) ഈ വിഷയം സംബന്ധിച്ച് റിപ്പോർട്ടുകളൊന്നും തന്നെ സർവ്വകലാശാല രജിസ്ട്രാറിൽ നിന്നും ഇതുവരെ ലഭ്യമായിട്ടില്ല. വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ